കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചോക്കാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.26/47/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.24-01-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ചോക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചോക്കാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3).പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.

4).കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.26/47/2018

തിയ്യതി:24-01-2019

## മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.08.2017 മുതൽ 22.12.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24.12.2018 മുതൽ 05.01.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം. ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ .ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. അന്നമ്മ മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സത്യകുമാരൻ.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.സത്യകുമാരൻ.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.സുബിൻ.എസ്.ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ബിനു.പി.ടി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.കേശിനി.വി.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.അൻവർ.കെ.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.സൂസമ്മ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ശ്രീജ.കെ.വി | 01.04.2017 മുതൽ 13.09.2017 FN വരെ |
| | ശ്രീമതി.മാരിയത്ത് കിബിത്തിയ | 13.09.2017 AN മുതൽ 11.10.2017 FN വരെ |
| | ശ്രീ.മുരളീധരൻ പിള്ള | 11.10.2017 AN മുതൽ 30.10.2017 FN വരെ |
| | ശ്രീമതി.ഫാസില.ഇ.കെ | 30.10.2017 AN മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൈനബ.എ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.ബിനു സുധാകർ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ജയപ്രകാശ്.കെ.വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാബിറ.കെ.പി | 01.04.2017 മുതൽ 18.05.2017 വരെ |
| | ഡോ.ആയിഷ ഹസ്ന നാനേക്കൽ | 19.05.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.രേഖ.കെ | 01.04.2017 മുതൽ 02.11.2017 FN വരെ |
| | ശ്രീമതി.രാജശ്രീ,ജെ | 02.11.2017AN മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. | 2-1 | |
| 14 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ | 2-2 | |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 2-3 | |
| 16 | രശീതി പരിശോധന-അപാകതകൾ | 2-4 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | ടെക്നിക്കൽ അസിസ്റ്റന്റിന് ആർജ്ജിതാവധി പണമാക്കി നൽകിയതിലെ അപാകതകൾ: | 3-1 | |
| 18 | കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരന് പ്രവൃത്തി നൽകി. | 3-2 | |
| 19 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. | 3-3 | |
| 20 | കുടിവെള്ളപദ്ധതിയ്ക്കായി തനത്ഫണ്ട് വിനിയോഗിയ്ക്കുന്നത് ക്രമവിരുദ്ധം | 3-4 | |
| 21 | ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-5 | |
| 22 | അളവുകൾ അവ്യക്തമായും തെറ്റായും രേഖപ്പെടുത്തി. | 3-6 | |

| | | | |
|---|---|---|---|
| 23 | എയറോബിക് വേസ്റ്റ് ബിന്നുകൾ ഉപയോഗിക്കുന്നില്ല. | 3-7 | |
| 24 | മരുന്ന് ലഭിച്ചിട്ടില്ല. | 3-8 | |
| 25 | കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ | 3-9 | |
| 26 | കല്ലാമൂല ജി എൽ പി സ്കൂൾ സ്മാർട്ട് ക്ലാസ്റൂം - യാഥാർത്ഥ്യമായില്ല. | 3-10 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 28 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 27.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 24.03.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 09.05.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ | കെ.എസ്.എ.എം.പി.എം.26/1159/2018 തിയതി 04.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22183800.40 |
| വരവ് | 68146914 |
| ആകെ | 90330714.40 |
| ചെലവ് | 82214272 |
| നീക്കിയിരുപ്പ് | 8116442.40 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19364000 | 19364000 | 12742289 | 6621711 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5083894 | 5083894 | 4775977 | 307917 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1238497 | 1238497 | 557922 | 680575 |
| വികസനഫണ്ട് -സി.എഫ്.സി ഗ്രാന്റ് | 0 | 9094366 | 9094366 | 9065848 | 28518 |
| ലോക ബാങ്ക് സഹായം | 0 | 276230 | 276230 | 270309 | 5921 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4709000 | 4709000 | 4636696 | 72304 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4236000 | 4236000 | 3436160 | 799840 |
| MGMNREGS | 2603 | 670074 | 672677.5 | 669924 | 2753.5 |
| | 0 | 7277954 | 7277954 | 7277954 | |
| ബി ഫണ്ട് | 0 | 49092160 | 49092160 | 49092160 | 0 |
| എസ്.ബി.ടി-ഇ പേയ്മെന്റ് | 20307 | 18231 | 38538 | 1298 | 37240 |
| എസ്.എം.ജി.ബി ഓൺ ഫണ്ട് | 5481934 | 9198464 | 14640398 | 11576817.1 | 3063580.9 |
| ട്രഷറി ടി.എസ്.ബി | 15465168 | 12153775 | 27618943 | 26111820 | 1507123 |
| പി.എൻ.ബി (Old plan) | 29970 | 1135 | 31105 | 0 | 31105 |
| എസ്.എം.ജി.ബി-എൻ.ആർ.ഇ.ജി.എസ്. | 2603.5 | 670074 | 672677.5 | 669924 | 2753.5 |
| എസ്.എം.ജി.ബി (എസ്.എസ്.എ) | 178005 | 12643 | 190648 | 5435 | 185213 |
| എസ്.എം.ജി.ബി -Plan old | 533967 | 21620 | 555587 | 0 | 555587 |
| എസ്.എം.ജി.ബി. | 436232 | 9503456 | 9939688 | 7230310 | 2709378 |

| | | | | | |
|---|---|---|---|---|---|
| (ജലനിധി) | | | | | |
| ടി.എസ്.സി | 0 | 1522536 | 1522536 | 0 | 1522536 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി (joint venture) | 0 | 1340000 | 1340000 | 1221130 | 118870 |
| | 0 | 550000 | 550000 | 550000 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 68295587 | 144 | 41758598 | 0 | 63 | 69.56% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 2603.5 | 670074 | 672677.5 | 669924 | 2753.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7277954 | 7277954 | 7277954 | 0 |
| ആകെ | 2603.5 | 7948028 | 7950631.5 | 7947878 | 2753.5 |

## 1-8 സാമൂഹ്യക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 87360 | 147 |
| കർഷകതൊഴിലാളിപെൻഷൻ | 1766200 | 160 |
| വിധവാപെൻഷൻ | 18335300 | 1563 |
| വാർദ്ധക്യകാലപെൻഷൻ | 23125600 | 1846 |
| വികലാംഗപെൻഷൻ | 4540700 | 414 |
| വിവാഹധനസഹായം | 780000 | 26 |
| 50 വയസിന് മുകളിലുള്ള അവിവാഹിതപെൻഷൻ | 434000 | 50 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.12.2018 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2280/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതിന് മുമ്പ് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

4)പല സ്ഥാപനങ്ങളുടേയും ഡി&ഒ ലൈസൻസ് ഡിമാന്റ് ചെയ്യുന്നില്ല.

5) എല്ലാ ജീവനക്കാരനും പേഴ്സണൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

6) പേഴ്സണൽ രജിസ്റ്ററിലെ എല്ലാ കോളങ്ങളും രേഖപ്പെടുത്തൽ ഇല്ല.

6) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

7)ചുമതല കൈമാറ്റ രജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല.

9) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

10)മെമ്പർമാർ/ജീവനക്കാർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.

11) കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

12)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും മറ്റു വാല്യുബൾസിന്റേയും വ്യക്തമായ വിവരം ലഭ്യമല്ല.

13) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല
15) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തന മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

18)പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപാരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ/പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.
19) പദ്ധതികളുടെ മോണിറ്ററിങ്ങ് ഫലപ്രദമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോൻസ് ഓഡിറ്റ് | 15.12.2018 | 01.11.2018 മുതൽ 30.11.2018 വരെ | 15.12.2018 |
| എ.ജി ഓഡിറ്റ് | 17.12.2013 | 2008-09 മുതൽ 2012-13 വരെ | 05.02.2014 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1.മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത എസ്.എം.ജി.ബി അക്കൗണ്ട് നമ്പർ 6109 -ലെ താഴെ പറയുന്ന ചെക്കുകൾ Liability in respect of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| ക്രമ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 599104/22.09.2011 | 490 |
| 2 | 102/13.09.2013 | 1000 |
| 3 | 11526/10.10.2017 | 3360 |

4.വസ്തു നികുതികണക്കിൽ താഴെ കൊടുത്ത പൊരുത്തക്കേടുകൾ കാണുന്നു.

.

| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- കുടിശ്ശിക ഡിമാന്റ് (16-17 AFS പ്രകാരം)(a) | 90069 |
| പിരിവ് (b) | 90873 |
| ബാലൻസ് (a-b) | (-)(804) |
| 2017-18 AFS പ്രകാരം ബാലൻസ് | 0 |

| നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- കുടിശ്ശിക ഡിമാന്റ് (16-17 AFS പ്രകാരം)(a) | 60280 |
| പിരിവ് (b) | 42103 |
| ബാലൻസ് (a-b) | 18177 |
| 2017-18 AFS പ്രകാരം ബാലൻസ് | 31308 |

| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- തൻവർഷ ഡിമാന്റ് (a) | 1628434 |
| പിരിവ് (b) | 1837520 |
| ബാലൻസ് (a-b) | (-)(209086) |
| 2017-18 AFS പ്രകാരം ബാലൻസ് | (578) |

| നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- തൻവർഷ ഡിമാന്റ് (a) | 893359 |
| പിരിവ് (b) | 578170 |

| | |
|---|---|
| ബാലൻസ് (a-b) | 315189 |
| 2017-18 AFS പ്രകാരം ബാലൻസ് | 15703 |

3.വസ്തു നികുതി എ.എഫ്.എസ്., ഡിമാന്റ് റജിസ്റ്റർ കണക്കുകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല.

4. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറിയ സാമ്പത്തിക വർഷത്തിനു മുമ്പുള്ള ആസ്തി ബാധ്യത തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ മൂല്യം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
6.ബാലൻസ് ഷീറ്റിലെ ബി4 പത്രിക പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന 320100115, 320100121, 320200305, 320200322, 320200399 എന്നീ അക്കൗണ്ട് ശീർഷകങ്ങളിലുള്ള ഗ്രാന്റ് തുകകൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

7.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

8.അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.
9.2016-17 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചതു സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.
10.ട്രാൻസാക്ഷൻ ഇല്ലാത്ത അക്കൗണ്ടുകൾ close ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല. (മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്)

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രൂഡിറ്റ് ചെയ്തിട്ടില്ല.

GO(MS) No 232/2013/LSGD/25-6-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കി. മേലുത്തരവ് പ്രകാരമുള്ള ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രെഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, ചോക്കാട് ഗ്രാമ പഞ്ചായത്ത് 2016-17, 2017-18വർഷങ്ങളിൽ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തത് ഗ്രാമ പഞ്ചാത്തിന് ലഭ്യമായിട്ടില്ല എന്നു കാണുന്നു. ഈ കാലയളവിൽ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെയും അത് വഴി ലഭിക്കാനുള്ള ടെണ്ടർ ഫീയുടെയും കണക്കുകൾ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കേണ്ടതാണ്. .തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നു ഗ്രാമ പഞ്ചായത്തിനു ലഭ്യമാക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/31.12.18 ക്ക് മറുപടി നൽകിയിട്ടില്ല.

### 2-2 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ

1) റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ് എന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് എടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കുന്നതിനും സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

2) കോഴി ഫാമിനു ലൈസൻസ് – ഫീസ് കുറവായി ഈടാക്കി.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള കോഴി ഫാമുകളിൽ നിന്നും ലൈസൻസ് ഫീസ് കുറവായി ഈടാക്കിയിട്ടുണ്ട്.

| ക്രമ നം | ഉടമയുടെ പേര് | ഫാമിന്റെ തരം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|
| 1 | ഒ.എ ബാബു, ഓണിശ്ശേരി, കോട്ടപ്പുഴപ്പാലം, ചോക്കാട് | കാറ്റഗറി-IV | 250 | 200 (Rt.No.11603103310 dtd 02.03.2017) | 50 |
| 2 | ആബിദ.വി.സി, | കാറ്റഗറി-IV | 250 | 200 (Rt.No.11603104082 dtd 28.02.2017) | 50 |
| 3 | മുഹമ്മദ്,കുപ്പനത്ത്, മാളിയേക്കൽ,കൂരാട് | കാറ്റഗറി-IV | 250 | 200 (Rt.No.117030100212 dtd 09.05.2017) | 50 |
| 4 | സുരേഷ്.പി, വള്ളിയാളി, ചന്തക്കുന്ന് | കാറ്റഗറി-IV | 250 | 200 (Rt.No.117030102073 dtd 07.12.2017) | 50 |
| ആകെ | | | | | 200 |

കുറവ് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2017-18 ഒന്നാം അർദ്ധ വർഷത്തിൽ ശ്രീമതി പാത്തുമ്മ (പി.ടി.എസ്,വില്ലേജ് ഓഫീസ്, ചോക്കാട്) യിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ (അർദ്ധ വാർഷിക വരുമാനം 60,088/- ഈടാക്കിയ തുക 450/- രൂപ,രശീതി നമ്പർ -117030101022 തിയതി.16.09.2017,ഈടാക്കേണ്ടത് 600 രൂപ) 150 രൂപ കുറവ് വന്നിട്ടുണ്ട്. തുക ഈടാക്കിയ വിവരം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 2-4 രശീതി പരിശോധന-അപാകതകൾ

1.സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.

സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ദിവസവും ഉപയോഗിക്കുന്ന രശീതികൾ സംബന്ധിച്ച വിവരം രേഖപ്പെടുത്തുന്നുണ്ടെങ്കിലും വളരെ അധികം തിരുത്തലുകൾ വരുത്തുന്നുണ്ട്.തിരുത്തലുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.സാംഖ്യ രശീതി സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കേണ്ടതും രശീതികൾ ദുരുപയോഗം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2.രശീതി പുസ്തകങ്ങൾ അശ്രദ്ധമായി ഉപയോഗിക്കുന്നു.

| ക്രമ നമ്പർ | രശീതി നമ്പർ/തിയ്യതി | റിമാർക്സ്. |
|---|---|---|
| 1 | 37/729 തിയ്യതി 18.11.2017 | രശീതിയിൽ Rs-252 എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി 255 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്, (117030101783/18.11.2017 Rs.255അടവാക്കി) |
| 2 | 27/36155 തിയ്യതി 24.09.2018 | രശീതിയിൽ അക്കത്തിൽ Rs-240എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി 160 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.(118070101296/27.09.2018 Rs. 160 അടവാക്കി) |
| 3 | 99/36154 തിയ്യതി 29.09.2018 | രശീതിയിൽ 416എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി 497 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (118070101390/27.09.2018 Rs. 497 അടവാക്കി) |
| 4 | 48/747തിയ്യതി 16.12.2017 | രശീതിയിൽ Rs-435 എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി 411 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (117030102315/16.12.2017 Rs.411 അടവാക്കി) |
| 5 | 65/747 തിയ്യതി 11.01.2018 | രശീതിയിൽ Rs-207എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി 217 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (117030103049/11.01.2018 Rs.217 അടവാക്കി) |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 7/04.01.2019ന് ക്യാമ്പ് കളക്ഷനിലെ തിരക്ക കാരണമാണ് ഇപ്രകാരം സംഭവിച്ചത് എന്ന് മറുപടി നൽകിയിട്ടുണ്ട്,അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടെക്നിക്കൽ അസിസ്റ്റന്റിന് ആർജ്ജിതാവധി പണമാക്കി നൽകിയതിലെ അപാകതകൾ:

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

ഗ്രാമ പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീമതി അനിതക്ക് 29 ആർജ്ജിതാവധി പണമാക്കിയതിന് 20300 രൂപ വൗച്ചർ നംപർ 21700989/21-3-2018 പ്രകാരം നൽകിയിട്ടുണ്ട്. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 5-1-2018 ലെ ഐ ബി1/344/2016-തസ്വഭവ കത്ത് പ്രകാരം KSR ഭാഗം 1 അനുബന്ധം 8 ചട്ടം 1 ൽ പറയും പ്രകാരം ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ട്. മാത്രമല്ല, തൻവർഷം വിനിയോഗിക്കാത്ത അവധി

ഉൾപ്പെടെ ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി പണമാക്കാവുന്നതുമാണ്. എന്നാൽ മേൽ പ്രകാരം തുക നൽകിയതിൽ, മുൻവർഷങ്ങളിൽ വിനിയോഗിക്കാത്ത അവധി എത്രയുണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 11/5-1-18 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിലെ ചെലവ് 20300 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-2 കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരന് പ്രവൃത്തി നൽകി.

നിർവഹണ ഉദ്യോഗസ്ഥൻ. സെക്രട്ടറി.

പ്രവൃത്തി: ഫ്രണ്ട് ഓഫീസ് വൈദ്യുതീകരണം 181/17, 1/18

അടങ്കൽ: 75000 രൂപ.

കരാറുകാരൻ: അനിൽകുമാർ

കരാർ: 3/16/26-11-16 (7.1% below ER)

അളവ് പുസ്തകം: 106/16-17

ചെലവ്: 65346 രൂപ

ട്രഷറി ബിൽ നംപർ: 1/17-18/29-7-17( 65346 രൂപ)

മൂല്യനിർണ്ണയം: 70340

(-) ടെണ്ടർ കുറവ് 7.1%: 4994

ബാക്കി: 65346

(-) നികുതി: 3920

കരാറുകാരന്: 61426

മേൽ പ്രവൃത്തിയുടെ ടെണ്ടർ 2/24-10-16 തീരുമാന പ്രകാരം അംഗീകരിക്കുകയും A2-5457/16/24-10-16 പ്രകാരം സെലക്ഷൻനോട്ടീസ് അയക്കുകയും ചെയ്തു(25-10-16 ൽ ഡെസ്പാച്ച് ചെയ്തു). എന്നാൽ, സെലക്ഷൻനോട്ടീസിൽ കരാർ ചമയ്ക്കേണ്ട കാലാവധി രേഖപ്പെടുത്തിയിട്ടില്ല. കരാറുകാരൻ 26-11-16 നാണ് കരാർ വെക്കുന്നത്. GO(P) 13/2012/PWD/1-2-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2009.6. പ്രകാരം സെലക്ഷൻനോട്ടീസ് കൈപ്പറ്റിയ (ഡെസ്പാച്ച് ചെയ്ത തീയതി) തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും ഈ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കി (മിനിമം 1000രൂപ) കരാർ വെക്കാവുന്നതുമാണ്. 24 (14+10) ദിവസം കഴിഞ്ഞും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കുകയും EMD കണ്ട്കെട്ടി തൊട്ടടുത്ത കരാറുകാരനെ ഇതേ നിരക്കിൽ പ്രവൃത്തിയേല്പിക്കുകയോ ഇത് സാദ്ധ്യമല്ലെങ്കിൽ റീ-ടെണ്ടർ ചെയ്യുകയോ വേണം. എന്നാൽ, മേൽ കരാറുകാരൻ സെലക്ഷൻനോട്ടീസ് കൈപ്പറ്റി 32 ദിവസത്തിന് ശേഷമാണ് കരാർ വെയ്ക്കുന്നത്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖണ്ഡിക 2009.6. ന് വിരുദ്ധമായി കരാർ നൽകിയതിന് വിശദീകരണം നൽകേണ്ടതും കരാറുകാരൻ പ്രവൃത്തി നിർവ്വഹിച്ചതിനാൽ കരാറുകാരനിൽ നിന്ന് അർഹമായ പിഴ ഈടാക്കി അക്കാര്യം അറിയിക്കേണ്ടതുമാണ്. ഇക്കാര്യമുന്നയിച്ച് നൽകിയ 3/4-1-2018 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-3 ചെലവു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ചോക്കാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ തനത് ഫണ്ടിൽനിന്നും സെക്രട്ടറി നടത്തിയ താഴെ പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നം/ തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700103/23.05.17 | 5,000 | ഗ്രീഷ്മോൽസവം വെക്കേഷൻ ക്യാമ്പിന് വി ഇ ഒ യ്ക്ക് നൽകിയ തുക |
| 2 | 21700153/09.06.17 | 5,000 | ഗ്രീഷ്മോൽസവം വെക്കേഷൻ ക്യാമ്പിന് വി ഇ ഒ യ്ക്ക് നൽകിയ തുക<br>- ക്യമ്പ് നടത്തിയതിന്റെ വിവരം ,പങ്കെടുത്തവരുടെ വിവരം |
| 3 | 21700102/19.05.17 | 46,593 | ജിനു ഓഫ്സെറ്റ് പ്രിന്റേഴ്സ്, ചോക്കാടിന് പ്രിന്റിംഗ് ചാർജ് ഇനത്തിൽ നൽകിയ തുക<br>-2013ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ അനുശാസിയ്ക്കും പ്രകാരം ക്വട്ടേഷൻ വിളിച്ചതിന്റെ വിവരം |
| 4 | 21700137/01.06.2017 | 16,470 | ജിനു ഓഫ്സെറ്റ് പ്രിന്റേഴ്സ് ,ചോക്കാടിന് പ്രിന്റിംഗ് ചാർജ് ഇനത്തിൽ നൽകിയ തുക<br>- 2013ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ അനുശാസിയ്ക്കും പ്രകാരംക്വട്ടേഷൻ വിളിച്ചതിന്റെ വിവരം |
| 5 | 21700262/18.07.17 | 75,780 ൽ 34,542 | പകർച്ചാവ്യാധികൾ പ്രതിരോധിയ്ക്കുന്നതിനു വേണ്ടി വാർഡ് തല സമിതികൾക്ക് നൽകിയ തുക<br>- 1919രൂപവെച്ച് വിവിധ (18)വാർഡ് ഹെൽത്ത് സാനിറ്റേഷൻ അക്കൗണ്ടുകളിലേക്ക് തുക നൽകിയിട്ടുണ്ട് ആയതിന്റെ ചെലവുരേഖകൾ |

| | | | |
|---|---|---|---|
| 6 | 21700481/24.01.17 | 12,250 | ഗ്രാമപഞ്ചായത്തിലെ ഏഴിടങ്ങളിൽ കിണർ നിർമ്മാണം നടത്തുന്നതിന് മുന്നോടിയായി ഭൂസർവ്വേ നടത്തുന്നതിന് ,ജില്ലാ ഓഫീസർ ഗ്രൗണ്ട് വാട്ടർ വകുപ്പ് ,മലപ്പുറത്തിന് നൽകിയ തുക<br>- സർവ്വേ നടത്തിയതിന്റെ വിവരം |
| | ആകെ | 1,19,855 | |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല. ചെലവുതുക 1,19,855 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 കുടിവെള്ളപദ്ധതിയ്ക്കായി തനത്ഫണ്ട് വിനിയോഗിയ്ക്കുന്നത് ക്രമവിരുദ്ധം

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക വിരുദ്ധമായി ചെലവു ചെയ്തതായി കാണുന്നു.സ.ഉ.(സാ)നം.1275/2009 /തസ്വഭവയ30.05.2009,സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖ എന്നിവ പ്രകാരം,കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയതിനു ശേഷം,ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും,തുടർന്നുള്ള ചെലവുകൾ സമിതികൾ തന്നെ വഹിക്കണമെന്നും,വ്യക്തമാക്കിയിട്ടുണ്ട്.പദ്ധതി ഗുണഭോക്താക്കൾ ഏറ്റെടുക്കാൻ തയ്യാറായില്ലെങ്കിൽ,പഞ്ചായത്ത്ഏറ്റെടുത്ത്നടത്തണമെന്നും,വാട്ടർ ചാർജ് പിരിക്കണമെന്നും,മാർഗ്ഗരേഖയിൽ പറയുന്നുണ്ട്.എന്നാൽ ഇതിനു വിരുദ്ധമായി ഗിരിജൻ കോളനി കുടിവെള്ളപദ്ധതിയുടെ പമ്പ് ഓപ്പറേറ്ററുടെ വേതനം , വൈദ്യുതി ചാർജ് ഇനങ്ങളിൽ താഴെ പറയും പ്രകാരം ചെലവുകൾ നടത്തിയിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം./തീയ്യതി | പമ്പ് ഓപ്പറേറ്ററുടെ വേതനം | വൈദ്യുതി ചാർജ്, (വൗച്ചർ നം./തീയ്യതി) |
|---|---|---|---|
| 1 | 21700015/06.04.17 | 7,250 | 1202<br>(21700088/03.05.17) |
| 2 | 21700152/09.06.17 | 7,750 | 1385<br>(21700158/09.06.17) |
| 3 | 21700233/04.07.17 | 7,500 | 1965<br>(21700248/10.07.17) |
| 4 | 21700316/09.08.17 | 7,500 | 1776<br>(21700305/08.08.17) |
| 5 | 21700316/09.08.17 | 7,500 | 2241 |

| | | | |
|---|---|---|---|
| | | | (21700398/14.09.17) |
| 6 | 21700404/20.09.17 | 7,750 | 1828<br><br>(21700538/09.11.17) |
| 7 | 21700461/12.10.17 | 7,500 | 1638<br><br>(21700527/03.11.17) |
| 8 | 21700519/03.11.17 | 7,500 | 1495<br><br>(21700609/13.12.17) |
| 9 | 21700603/07.12.17 | 7,500 | 1773<br><br>(21700688/12.01.18) |
| 10 | 21700683/05.01.18 | 7,500 | 1670<br><br>(21700745/06.02.18) |
| 11 | 21700739/02.02.18 | 7,139 | 1799<br><br>(21700838/14.03.18) |
| 12 | 21700938/03.03.18 | 7,000 | 932<br><br>(21700022/03.05.17) |
| | ആകെ | 89,650 | 19,704 |
| | 21700080/08.05.17 | 5,750 | പമ്പ് ഹൗസ് മോട്ടോർ റിപ്പയറിന് വേണ്ടി വിനിയോഗിച്ച തുക |

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി കുടിവെള്ളപദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ വിവിധ ജീവനക്കാർക്ക് ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം ശമ്പള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പള കുടിശ്ശിക തുകയിലുൾപ്പെട്ട അടിസ്ഥാന ശമ്പളത്തിന്റെ 15% തുക പെൻഷൻ കോൺട്രിബ്യൂഷനായി അടവാക്കേണ്ടതായിരുന്നുവെങ്കിലും അപ്രകാരം അടവാക്കിയിട്ടില്ല. ശമ്പള വർദ്ധനവിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| വൗച്ചർ നമ്പർ/തീയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21700300/08.08.17 | 42,338 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു |
| 21700310/08.08.2017 | 1,90,579 | 2014 ലെ പേ റിവിഷൻ ആദ്യ ഗഡു |
| 21700439/06.10.2017 | 1,85,542 | 2014 ലെ പേ റിവിഷൻ രണ്ടാം ഗഡു |
| 21700489/26.10.2017 | 6,298 | ശ്രീ.ജിനചന്ദ്രൻ, സെക്രട്ടറിയ്ക്ക് 09.03.2012 ന് |

| | | |
|---|---|---|
| | | പ്രാബല്യത്തിൽ റെഷ്യോ പ്രമോഷൻ അനുവദിച്ചതിൽ പ്രകാരം നൽകിയ തുക |

## 3-6 അളവുകൾ അവ്യക്തമായും തെറ്റായും രേഖപ്പെടുത്തി.

ചോക്കാട് ഗ്രാമപഞ്ചായത്ത് 2017-18 വർഷ ഓഡിറ്റിന്റെ ഭാഗമായി 1.1.2019 ന ഓഡിറ്റ് ടീം അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ മഞ്ഞപ്പെട്ടി ഹെൽത്ത് സെന്റർ റിപ്പയർ പ്രവൃത്തിയുടെ സൈറ്റ് പരിശോധന നടത്തി.റോഡിതര മെയിന്റനൻസ് ഗ്രാന്റ് 300000 വകയിരുത്തിയ ഈ പ്രൊജക്റ്റ് (നമ്പർ 23/18) തയ്യാറാക്കിയത് മേൽക്കൂര ജി.ഐ ഷീറ്റിടുന്നതിനും വരാന്ത പണിയുന്നതിനുമാണ് . രഞ്ജിനി സി.പി കൺവീനറായ ഈ പ്രവൃത്തിയുടെ ആകെ മൂല്യനിർണ്ണയത്തുക 260365 രൂപയിൽ റക്കവറികൾ കഴിച്ച് 239536 രൂപ വൗച്ചർ നമ്പർ 36/23.10.17 പ്രകാരം കൺവീനർക്ക് നൽകിയിട്ടുണ്ട്.

എസ്റ്റിമേറ്റിലെ ക്രമനമ്പർ 6 ഷീറ്റ് മേയുന്നതിനു വേണ്ടി സ്റ്റീൽ ട്രസ് വർക്ക് 988.02 കി.ഗ്രാം ചെയ്യുന്ന പ്രവൃത്തിയാണ്. അളവ് പുസ്തകത്തിൽ ചെയ്ത പ്രവൃത്തിയുടെ നീളം, വീതി, കനം ഉപയോഗിച്ച സ്റ്റീൽ ട്യൂബുകളുടെ ഭാരം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം എന്നു മാത്രം രേഖപ്പെടുത്തി 1035 കി.ഗ്രാം ട്രസ് വർക്ക് ചെയ്തതിനു പണം നൽകുകയാണ് ചെയ്തത്. എസ്റ്റിമേറ്റിലെ ക്രമനമ്പർ 7 പ്രകാരം ചെയ്യേണ്ടതും എം.ബുക് 12/16-17 പേജ് 11 പ്രകാരം ചെയ്തതും 0.35എം. എം കനമുള്ള ജി.ഐ ഷീറ്റ് കൊണ്ട് 94.05 മീറ്റർ സ്ക്വയർ മേയലാണ്. എന്നാൽ 0.30 എം. എം കനമുള്ള ജി.ഐ ഷീറ്റ് കൊണ്ടാണ് മേഞ്ഞിട്ടുള്ളത് എന്ന് സ്ഥലപരിശോധനയിൽ കണ്ടു. അളവ് പുസ്തകം 12/16-17 പ്രകാരം 15.3.2017 -ന അളവ് രേഖപ്പെടുത്തുകയും 16.3.2017 ന ചെക്ക് മെഷർ ചെയ്യുകയും ചെയ്ത പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്താതെ തെറ്റായും അവ്യക്തമായുമാണ് അളവ് രേഖപ്പെടുത്തിയത്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/4.1.19ക്ക് മറുപടി നൽകിയിട്ടില്ല.

താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. സ്റ്റീൽ ട്രസ് വർക്കിന്റെ അളവ് ശരിയായ രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്.

2. 0.30 എം. എം കനമുള്ള ജി.ഐ ഷീറ്റ് കൊണ്ട് പ്രവൃത്തി ചെയ്യുന്നതിനുള്ള തുക കണക്കാക്കി അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-7 എയറോബിക് വേസ്റ്റ് ബിന്നുകൾ ഉപയോഗിക്കുന്നില്ല.

സ്കൂളുകളിലും ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിലും എയറോബിക് കംപോസ്റ്റ് പിറ്റ് സ്ഥാപിക്കുന്നതിന്നായി 2017-18 -ൽ ഗ്രാമപഞ്ചായത്ത് പണം ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ്. | വിവിധ സ്കൂളുകളിൽ എയറോബിക് കംപോസ്റ്റ് പിറ്റ് സ്ഥാപിക്കൽ (37/18) (165/17) | ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ എയറോബിക് കംപോസ്റ്റ് പിറ്റ് സ്ഥാപിക്കൽ (38/18) ധ(167/17) |
|---|---|---|
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 1400000 | 200000 |
| ചെലവ് | 1222330 | 132745 |
| വൗച്ചർ | 28/31.8.17 | 24/31.8.17 |
| കരാറുകാരൻ | ഷാജിലാൽ.വി | ഷാജിലാൽ.വി |

ഓഡിറ്റിന്റെ ഭാഗമായി 1.1.2019 ന ഓഡിറ്റ് ടീം അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിധ്യത്തിൽ എയറോബിക് വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ച ചോക്കാട്, കല്ലാമൂല, ഉദിരംപൊയിൽ, മാളിയക്കൽ, കുരിപ്പൊയിൽ, മമ്പാട്ടുമൂല സ്കൂളുകൾ സൈറ്റ് പരിശോധന നടത്തി. കല്ലാമൂല ജി.എൽ.പി സ്കൂളിൽ സ്ഥാപിച്ച എയറോബിക് കംപോസ്റ്റ് പിറ്റ് ഒഴികെ ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥാപിച്ചത് ഉൾപ്പെടെ വേസ്റ്റ് നിക്ഷേപിക്കുന്നതിന്നു ഉപയോഗിക്കുന്നില്ല എന്നു ബോധ്യപ്പെട്ടു.

2016-17- ലാണ് ഈ പ്രൊജക്ടുകൾ തയ്യാറാക്കിയത്. എന്നാൽ തയ്യാറാക്കുന്നതിന്നു മുമ്പ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ഇവ എത്രത്തോളം ആവശ്യമുണ്ടെന്നു വിലയിരുത്തിയതിന്റെ രേഖകളില്ല.

സ്ഥാപിക്കപ്പെടുന്ന കംപോസ്റ്റ് പിറ്റുകളുടെ തുടരുപയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതായി കാണുന്നില്ല.

മോണിറ്ററിംഗ് നടത്തേണ്ട കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് ഫലപ്രദമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

കംപോസ്റ്റ് പിറ്റുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മരുന്ന് ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങുന്നതിന് സർക്കാർ ഏജൻസിയായ കെ.എം.എസ്.സി എല്ലിന് 528284 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | മരുന്നു ലഭിച്ചത് | ബാലൻസ് |
|---|---|---|---|---|
| പി. എച്.സി യിലേക്ക് മരുന്നു വാങ്ങൽ (55/18) | 3/3-1-18 | 200000 | 77661 | 122339 |
| പരിരക്ഷ (54/18) | 6/28.3.18 | 328284 | 187704 | 140580 |

മരുന്നു ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/28.12.18 ക്ക് മറുപടി നൽകിയിട്ടില്ല.

## 3-9 കൃഷി ഓഫീസർ നടപ്പിലാക്കിയ വിവിധ പദ്ധതികൾ - അപാകതകൾ

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രോജക്ട് നം. 59/18

പച്ചക്കറി കൃഷി കൂലിചെലവിന് സഹായം പദ്ധതി

വിനിയോഗിച്ച തുക -1,70,000 രൂപ

-85,000 (ബിൽ നം.8/17-18/24.03.18)

-85,000 (ബ്ലോക്ക് വിഹിതം )(ചെക്ക് നം/ തീയ്യതി എന്നിവയും ലഭ്യമാക്കിയില്ല.)

154 ഗുണഭോക്താക്കൾക്ക് പച്ചക്കറി കൃഷി കൂലിചെലവിന് സബ്സിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

i)ഒരു അപേക്ഷയിലും എന്ത് കൃഷിയാണ് നടത്തിയത് എന്ന് വ്യക്തമല്ല. 154 ഗുണഭോക്താക്കൾ എത്ര അളവിൽ ഏത് കൃഷിയാണ് നടത്തിയത് എന്നതു സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

ii)പ്രോജക്റ്റ് പ്രകാരം സ്വന്തം ഭൂമിയിലോ, പാട്ടഭൂമിയിലോ കൃഷി ചെയ്തിട്ടുള്ളതും, രണ്ടാം വിള ഇൻഷ്വർ ചെയ്തിട്ടുള്ളതുമായ കർഷകർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ ഭൂരിഭാഗം അപേക്ഷയിലും ഇവസംബന്ധിച്ച് വ്യക്തതയില്ല. ആയത് സംബന്ധിച്ച് വ്യക്തവരുത്തി മുഴുവൻ അപേക്ഷകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ii)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2)പ്രോജക്റ്റ് നം. 58/18

നെൽ കർഷകർക്ക് കൂലിചെലവിന് സബ്സിഡി ലഭ്യമാക്കൽ പദ്ധതി

വിനിയോഗിച്ച തുക -2,72,260 രൂപ

-1,36,130 (ബിൽ നം.2/17-18/06.12.18)

-1,36,130 (ബ്ലോക്ക് വിഹിതം )(ചെക്ക് നം/ തീയ്യതി എന്നിവയും ലഭ്യമാക്കിയില്ല.)

51 ഗുണഭോക്താക്കൾക്ക് നെൽ കൃഷി കൂലിചെലവിന് സബ്സിഡി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത് . പദ്ധതി പ്രകാരം നെൽകൃഷി ഏത് വിളയ്ക്കാണ് ധനസഹായം നൽകിയത് എന്ന് വ്യക്തമല്ല.

കൂടാതെ, പ്രോജക്റ്റ് പ്രകാരം സ്വന്തം ഭൂമിയിലോ, പാട്ടഭൂമിയിലോ കൃഷി ചെയ്തിട്ടുള്ള കർഷകർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ ഭൂരിഭാഗം അപേക്ഷയിലും ഇതുസംബന്ധിച്ച് വ്യക്തതയില്ല. ആയത് സംബന്ധിച്ച് വ്യക്തവരുത്തി മുഴുവൻ അപേക്ഷകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അതോടൊപ്പം പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

3)പ്രോജക്റ്റ് നം. 60/18

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈവിതരണം പദ്ധതി

വിനിയോഗിച്ച തുക – 45,080 രൂപ (ബിൽ നം.4/17-18/07.02.18)

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത 46 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈവിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

i)വിവിധ കുടുംബശ്രീ ഗ്രൂപ്പുകൾ എത്ര അളവിൽ വിവിധ വിളകൾ കൃഷിനടത്തി എന്നത് സംബന്ധിച്ച വിവരം

ii)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം

4)പ്രോജക്റ്റ് നം. 61/18

കിഴങ്ങ് വിളകിറ്റ് വിതരണം പദ്ധതി

വിനിയോഗിച്ച തുക – 1,38,000 രൂപ (ബിൽ നം.6/17-18/27.02.18)

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിലെ സ്വന്തം/പാട്ട ഭൂമിയിൽ കൃഷിചെയ്യുന്ന 460കർഷകർക്ക്

കിഴങ്ങുവിളകിറ്റ് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

i)ഏതൊക്കെ കിഴങ്ങ് വർഗ്ഗങ്ങൾ എത്ര അളവിൽ കൃഷിചെയ്തിട്ടുണ്ടെന്ന് വ്യക്തമല്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ii)പദ്ധതി മാർഗ്ഗ രേഖ ജി ഒ (എം എസ് )നം.80/2017/ ത.സ്വ.ഭ.വ തി.03.04.2017 പ്രകാരം കൃഷി ചെയ്യുന്ന അളവിനനുസൃതമായി വേണം വിത്ത് വിതരണം നടത്തുവാൻ. എന്നാൽ 460 കർഷകർക്കും ഓരോ വിത്ത് കിറ്റ് വീതം വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

iii)ചെറുകിട നാമമാത്ര കർഷകർക്കാണ് ആനുകൂല്യത്തിനർഹത. എന്നാൽ അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ചെറുകിട നാമമാത്ര കർഷകരാണെന്ന് പരിശോധിയ്ക്കുവാൻ ആവശ്യമായ രേഖ ലഭ്യമാക്കിയിട്ടില്ല.

iv)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

5)പ്രോജക്റ്റ് നം. 221/18

കുടുംബശ്രീ ഗ്രൂപ്പുകൾക്ക് വാഴത്തൈ വിതരണ പദ്ധതി

വിനിയോഗിച്ച തുക – 1,12,000 രൂപ (ബിൽ നം.5/17-18/07.02.18)

പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിൽ കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത 56 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 100 വീതം ടിഷ്യൂകൾച്ചർ വാഴതൈ വിതരണം നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

i)സബ്സിഡി മാർഗ്ഗരേഖ പ്രകാരം കൃഷി ഓഫീസർ പരിശോധിച്ച് സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാവണം ഗ്രൂപ്പുകൾക്ക് വാഴത്തൈ വിതരണം നടത്തേണ്ടത്. ആയത് പാലിച്ചല്ല വിതരണം നടത്തിയത്. എത്ര വിസ്തൃതിയിൽ കൃഷി നടത്തിയെന്ന് വ്യക്തമല്ല.

ii)അപേക്ഷയിൽ ഭൂരിഭാഗം ഗ്രൂപ്പിന്റെയും കൃഷി സംബന്ധിച്ച വിവരം ഇല്ല. ചില ഗ്രൂപ്പുകൾ (ഉദാ. സ്നേഹ എൻ എച്ച് ജി മമ്പാട്ടുമൂല, ധനശ്രീ എൻ എച്ച് ജി ആനക്കല്ല്.) കൃഷിഭൂമിയുടെ വിസ്തൃതി അഞ്ച് സെന്റ് എന്നാണ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അഞ്ച് സെന്റിൽ 100 വാഴത്തൈ എപ്രകാരം കൃഷി ചെയ്യുമെന്ന് കൃഷിഓഫീസർ വ്യക്തമാക്കേണ്ടതാണ്.

iii)ഗ്രൂപ്പുകൾ എവിടെ കൃഷിനടത്തിയെന്ന് വ്യക്തമാക്കേണ്ടതാണ്.

iv)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

6)പ്രോജക്റ്റ് നം.65/18

കേര കർഷകർക്ക് ജൈവവളം സബ്സിഡി നിരക്കിൽ ലഭ്യമാക്കൽ പദ്ധതി

വിനിയോഗിച്ച തുക – 2,55,840 രൂപ

ബിൽ നം. 3/17-18/07.02.18 – 1,70,560

ബിൽ നം. 7/17-18/27.02.18 – 85,280

1450 ബാഗ് ജൈവവളം ബാഗ് 1 ന് (50കി.ഗ്രാം) 533 രൂപ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

i)ഓരോ കർഷകർക്കും എത്ര കി.ഗ്രാം വെച്ച് ജൈവവളം നൽകിയെന്ന് വ്യക്തമല്ല.

ii)പദ്ധതിയിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് വ്യക്തമല്ല.

iii)പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കും (നം. 08/04.01.19)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 9,93,180 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 കല്ലാമൂല ജി എൽ പി സ്കൂൾ സ്മാർട്ട് ക്ലാസ്റൂം - യാഥാർത്ഥ്യമായില്ല.

ചോക്കാട്, കല്ലാമൂല ജി എൽ പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണത്തിന്റെ ഭാഗമായി 2017-18 വർഷത്തിൽ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പ്രോജക്ടുകൾ ചെയ്തിട്ടുണ്ട്.

1)പ്രോജക്റ്റ് നം. 179/18

കല്ലാമൂല ജി എൽ പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂമിന് അടിസ്ഥാന സൗകര്യമൊരുക്കൽ

വിനിയോഗിച്ച തുക – 1,40,302

ബിൽ നം. 6/17-18/27.03.18 -11,977

ബിൽ നം. 7/17-18/27.03.18 – 1,28,325

സ്മാർട്ട് ക്ലാസ് റൂമിനായി ഒരു അലമാര, ചെയർ 30എണ്ണം (കുഷ്യൻ സീറ്റും മരത്തിന്റെ എഴുതുവാനുള്ള പാഡ് ഉൾപ്പെടെയുള്ളത് ) എന്നിവ വാങ്ങിയ്ക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

2)പ്രോജക്റ്റ് നം. 180/18

കല്ലാമൂല ജി എൽ പി സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം ആക്കിമാറ്റുന്നതിന്റെ ഭാഗമായി വയറിംഗ്

വിനിയോഗിച്ച തുക – 50,000രൂപ (ബിൽ നം.8/17-18/28.03.18)

പി ഡബ്ലിയു ഡി ഇലക്ട്രിക്കൽ വിംഗിന്റെ (മലപ്പുറം) മേൽ നോട്ടത്തിൽ സ്മാർട്ട് ക്ലാസ് റൂമിനായി വയറിംഗ് നടത്തുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

ഓഡിറ്റിന്റെ ഭാഗമായി 01-01-2019ന് പദ്ധതി സ്ഥലം സന്ദർശിച്ചതിൽ സ്മാർട്ട് ക്ലാസ് റൂമിനായി മേൽ വാങ്ങലുകൾ നടത്തിയതല്ലാതെ ഒരു നടപടിയും വേറെ സ്വീകരിച്ചിട്ടില്ലെന്ന് ബോധ്യമായി. വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും നാളിതുവരെയും വൈദ്യുതി ലഭ്യമായിട്ടില്ല.

കൂടാതെ, സ്മാർട്ട് ക്ലാസ് റൂമിനായി തിരഞ്ഞെടുത്ത ക്ലാസ് റൂം മഴക്കാലത്ത് ചോർന്നൊലിയ്ക്കുന്ന മുറിയാണ്. കെട്ടിടത്തിന്റെ മുകൾ ഭാഗം ഓടുമേഞ്ഞതാണെങ്കിലും, ഓടുകൾ പൊട്ടിതകർന്ന നിലയിലാണ്. കെട്ടിടത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കാതെയാണ് സ്മാർട്ട് ക്ലാസ് റൂമിനായി ക്ലാസ് റൂം തിരഞ്ഞെടുത്തിട്ടുള്ളത് . കമ്പ്യൂട്ടർ ഉൾപ്പെടെയുള്ളവ നാളിതുവരെയും ലഭ്യമാക്കിയിട്ടുമില്ല.

അപാകതകൾ പരിഹരിച്ച കൊണ്ട് സ്മാർട്ട് ക്ലാസ് റൂം യാഥാർത്ഥ്യമാക്കുന്നതിനായി സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | പദ്ധതിയുടെ പേര് | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 58/18 നെൽ കർഷകർക്ക് കൂലിച്ചെലവിന് സബ്സിഡി ലഭ്യമാക്കൽ | 255000 | 136130 | 118870 |
| | 59/18 പച്ചക്കറി കർഷകർക്ക്കൂലിച്ചെലവിന് ധന സഹായം | 85000 | 85000 | 0 |
| | 220/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 300000 | 0 |
| | 84/18 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 | 700000 | 0 |
| ജില്ലാ പഞ്ചായത്ത് | 220/18 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 300000 | 0 |
| | 4/18 ഭിന്ന ശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 250000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച 10,559/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തിയതി |
|---|---|---|---|---|
| 2016-17 | 2-2 | 2000 | റഹ്മാൻ സക്കീർ.പി.കെ | 117030100859 തി. 19.08.2017 |
| 2016-17 | 2-2 | 100 | മുത്തുക്കോയ തങ്ങൾ | 117030102161 തി. 11.12.2017 |
| 2016-17 | 2-2 | 3000 | ടി.ടി.എം ഔഷധ ശാല, പുല്ലങ്കോട് | 117030102780 തി. 03.01.2018 |
| 2016-17 | 2-2(3) | 250 | ജമീല.സി | 117030102495 തി. 22.12.2017 |
| 2016-17 | 2-4(1) | 2138 | എം.വി.സോമിൽ, ചോക്കാട് | 117030102539 തി. 26.12.2017 |

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തിയതി |
|---|---|---|---|---|
| 2016-17 | 2-4.2(1) | 1831 | പി.കെ വുഡ് ഇൻഡസ്ട്രീസ് | 117030102324 തി. 18.12.2018 |
| 2016-17 | 2-2(3) | 600 | കൃഷി ഓഫീസർ ,ചോക്കാട് | 117030100977 തി. 11.09.2017 |
| 2001-02 | 2-1(1) | 340 | അബ്ദുൾ ലത്തീഫ് | 117030104649തി. 28.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68146914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82214272 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,33,335 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20,300 | ശ്രീ.സത്യകുമാരൻ.കെ.കെ, സെക്രട്ടറി |
| 3-3 | 1,19,855 | ശ്രീ.സത്യകുമാരൻ.കെ.കെ ,സെക്രട്ടറി |
| 3-9 | 9,93,180 | ശ്രീമതി.ഫാസില.ഇ.കെ, കൃഷി ഓഫീസർ |
| ആകെ | 11,33,335 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 2000-01 | എൽ.എഫ്.എം.15/1580/05 തി.11.07.2006 | 3 |
| 2001-02 | എൽ.എഫ്.എം.15/1062/07 തി.06.02.2009 | 27 |
| 2002-03 | എൽ.എഫ്.എം.15/934/05 തി.06.02.2009 | 11 |
| 2003-04 | എൽ.എഫ്.എം.15/935/09 തി.13.01.2019 | 16 |
| 2004-05 | എൽ.എഫ്.എം.15/1892/08 തി.12.08.2010 | 39 |
| 2005-06 | എൽ.എഫ്.എം.6/405/2011 തി.30.10.2011 | 26 |
| 2006-07 | എൽ.എഫ്.എം.6/1131/09 തി.29.07.2011 | 25 |
| 2007-08 | എൽ.എഫ്.എം.6/1195/2011 തി.02.09.2011 | 14 |
| 2008-09 | എൽ.എഫ്.എം.6/295/2012 തി.29.03.2012 | 18 |
| 2009-10 | എൽ.എഫ്.എം.6/296/2012 തി.04.02.2012 | 25 |
| 2010-11 | എൽ.എഫ്.എം.6/916/2012 തി.13.07.2012 | 23 |
| 2011-12 & 2012-13 | കെ.എസ്.എ.എം.പി.എം.6/1526/15 തി.31.08.15 | 23 |
| 2013-14 & 2014-15 | കെ.എസ്.എ.എം.പി.എം.6/2111/16 തി.09.08.16 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം.26/3448/16 തി.06.02.17 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.26/1948/17 തി.13.10.17 | 14 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.26/1159/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 04.07.2018

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എൽ. 2/19